LIBRARY ARCHIVES Kerala Legislative Assembly

(ബി) വനാവകാശ സമിതിയിലെ അംഗങ്ങൾ ആരൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഗ്രാമസഭയുടെ ആദ്യയോഗത്തിൽ തന്നെ 10-നും 15-നും ഇടയ്ക്ക് അംഗങ്ങളുള്ള വനാവകാശ നിർണ്ണയ സമിതിയെ (എഫ്.ആർ.സി.) തെരഞ്ഞെടുക്കുന്നു. എല്ലാ തട്ടിലുമുള്ള പട്ടികവർഗ്ഗ വിഭാഗങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കുവാനായി അവരവരുടെയെല്ലാം അർഹമായ പ്രാതിനിധ്യം സമിതിയിലുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. പട്ടികവർഗ്ഗ മേഖലകളിലുള്ള സമിതികളിൽ മൂന്നിൽ രണ്ടെങ്കിലും പട്ടികവർഗ്ഗക്കാരായിരിക്കണം. (2012-ലെ നിയമഭേദഗതി പ്രകാരം) അതിൽ തന്നെ മൂന്നിലൊന്നെങ്കിലും അംഗങ്ങൾ സ്ത്രീകളുമായിരിക്കണം. വനാവകാശ നിർണ്ണയ സമിതി അതിന്റെ ചെയർമാനെയും സെക്രട്ടറിയെയും തീരുമാനിച്ച് സബ് ഡിവിഷണൽ സമിതിയെ അറിയിക്കേണ്ടതാണ്.

(സി) സംസ്ഥാനത്ത് നിലവിൽ എത്ര വനാവകാശ സമിതികളാണ് രൂപീകരിക്കപ്പെട്ടിട്ടുള്ളത്; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് നിലവിൽ 662 വനാവകാശ സമിതികളാണ് രൂപീകരിച്ചിട്ടുള്ളത്.

വനാവകാശനിയമം

50 (795) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനാവകാശ നിയമപ്രകാരം എത്ര പട്ടികവർഗ്ഗ വിഭാഗക്കാർക്കാണ് വനഭൂമി ലഭ്യമാക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് വനാവകാശ നിയമപ്രകാരം നാളിതുവരെയായി 26,600 പേർക്ക് 35,349.29 ഏക്കർ ഭൂമിക്കുള്ള കൈവശരേഖ വിതരണം ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി* ചേർക്കുന്നു.

(ബി) വനാവകാശ നിയമപ്രകാരം വനഭൂമി ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം; വിശദമാക്കുമോ?

വനാവകാശ നിയമപ്രകാരം 13-12-2005 വരെ തലമുറകളായി വനത്തിനകത്ത് ജീവിച്ചുപോരുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾക്കാണ് കൈവശാവകാശ രേഖയ്ക്ക് അർഹതയുള്ളത്. ഇതിനുള്ള തെളിവുകൾ സഹിതമുള്ള അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് ഗ്രാമസഭ, SDLC, DLC എന്നീ കമ്മിറ്റികളുടെ അംഗീകാരത്തോടെ കൈവശരേഖ നൽകുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വനാവകാശ നിയമപ്രകാരം വനഭൂമി ലഭിക്കാൻ അർഹതയുള്ള പട്ടികവർഗ്ഗ വിഭാഗക്കാർക്ക് എന്നത്തേക്ക് വനഭൂമി നൽകാനാകും; ഇതിനായി എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

വനാവകാശ നിയമപ്രകാരം ലഭിക്കുന്ന അപേക്ഷകൾ ഗ്രാമസഭ പരിശോധിച്ച് സർവ്വേ നടപടികൾ പൂർത്തീകരിച്ച് SDLC, DLC എന്നീ കമ്മിറ്റികളുടെ അംഗീകാരത്തോടെയാണ് കൈവശാവകാശരേഖ നൽകുന്നത്. നാളിതുവരെയായി 26,600 പേർക്ക് കൈവശാവകാശരേഖ നൽകിയിട്ടുണ്ട്. DLC പാസ്സാക്കിയതിൽ കൈവശരേഖ നൽകാനുള്ള 1,098 അപേക്ഷകളിൽ കൈവശരേഖ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഗ്രാമസഭയിൽ 271 അപേക്ഷകളും SDLC-യിൽ 3,634 അപേക്ഷകളും DLC-യിൽ 348 അപേക്ഷകളും പരിഗണനയിലാണ്. പുതിയതായി ലഭിച്ച അപേക്ഷകളിൽ സംയുക്ത പരിശോധനയും സർവ്വേ നടപടികളും സമയബന്ധിതമായി പൂർത്തീകരിച്ച് വനാവകാശ രേഖ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

വയനാട് ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികളുടെ ഓൺലൈൻ പഠനം

51(796) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ഓൺലൈൻ പഠനത്തിന് സ്വന്തമായി സംവിധാനമില്ലാത്ത പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര കുട്ടികളുണ്ടെന്ന കണക്ക് ലഭ്യമാക്കാമോ?

വയനാട് ജില്ലയിൽ ഓൺലൈൻ പഠനത്തിനാവശ്യമായ പഠനോപകരണങ്ങൾ സ്വന്തമായി ഇല്ലാത്ത 18,044 പട്ടികവർഗ്ഗ വിദ്യാർത്ഥികളുണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഓൺലൈൻ പഠന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി നിരവധി പ്രവർത്തനങ്ങൾ സർക്കാർ തലത്തിൽ സ്വീകരിച്ചിട്ടുണ്ട്. ഓൺലൈൻ പഠനോപകരണങ്ങൾ ലഭ്യമല്ലാത്ത വിദ്യാർത്ഥികൾക്ക് KITE മുഖേന പഠനാവശ്യത്തിന് ലാപ്ടോപ്പുകൾ നൽകുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനോപകരണങ്ങൾ ലഭ്യമാക്കുന്നതിനു വേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കനുവദിച്ച TSP/ തനത് ഫണ്ട് ഉപയോഗിക്കുന്നതിനായി അനുമതി നൽകി 23-6-2021-ന് ഉത്തരവിറക്കിയിട്ടുണ്ട്.